LIBRARY ARCHIVES Kerala Legislative Assembly

ഫയലുകളിന്മേൽ സത്വര തീർപ്പ്

24 (1757) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിന്നും മറ്റ് സർക്കാർ ഡയറക്ടറേറ്റുകളിൽ നിന്നും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്ത് നിന്നുമുള്ള പൗരൻമാർക്കും വേഗത്തിൽ ഫയലുകളിൻമേൽ തീർപ്പ് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ഗൗരവപൂർണ്ണമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഫയലുകളിൽ തീരുമാനമെടുക്കാനുള്ള ഉദ്യോഗസ്ഥരുടെ തട്ടുകളുടെ എണ്ണം കുറച്ചും അത്യാവശ്യം ഫയലുകളിൽ ജില്ലകളിൽ തന്നെ തീരുമാനമെടുക്കാൻ കഴിയും വിധവും അധികാരവികേന്ദ്രീകരണം സാധ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി സേവന അവകാശനിയമം എല്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഫയൽ അദാലത്തുകളിൽ, കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കുവാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും വിവിധ സർക്കാർ വകുപ്പുകൾക്കും ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാൻ കമ്പ്യൂട്ടർവൽക്കരണം, ഡി.ഡി.എഫ്.എസ്., ഇ-ഗവേണൻസ്, ഇ-ഫയലിംഗ്, ഇ-ടെൻറിംഗ്, ഐഡിയാസ്, ഫ്രണ്ട്സ്/അക്ഷയ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കയാണ്. കൂടാതെ പഞ്ചദിനചട്ടം, സേവനാവകാശ നിയമം എന്നിവ കർശനമായി പാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചു കൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും അപേക്ഷകൾ, പരാതികൾ എന്നിവയിന്മേലുള്ള നടപടികൾ വേഗത്തിലാക്കി സമയബന്ധിതമായി തീർപ്പാക്കുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം ചെയ്യുവാനും 3 മാസത്തിലൊരുദിവസം ഫയൽ അദാലത്തിനായി മാറ്റി വയ്ക്കുന്നതിനും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സേവനാവകാശനിയമം വ്യാപകമായി നിടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന് എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർ

25 (1758) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആശ്രിതർ എന്ന ഗണത്തിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) സ്വാതന്ത്ര്യസമര സേനാനികളുടെ സർക്കാർ ഉദ്യോഗസ്ഥരായ ആശ്രിതർക്ക് സ്ഥലംമാറ്റം സംബന്ധിച്ച കാര്യങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്നവരുടെ ഭാര്യ/ഭർത്താവ്, അവിവാഹിതയായ മകൾ, പ്രായപൂർത്തിയാകാത്ത മകൻ, വിധവയായ പെൺമക്കൾ, വിവാഹമോചിതരായ പെൺമക്കൾ, ഗുരുതരമായ മാനസിക/ശാരീരിക വൈകല്യം നേരിടുന്ന മക്കൾ എന്നിവരെയും കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്നവരുടെ ഭാര്യ/ഭർത്താവ്, അവിവാഹിതരും തൊഴിൽരഹിതരുമായ പെൺമക്കൾ എന്നിവരെയുമാണ് ആശ്രിതർ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഉണ്ട്, സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/ഭർത്താവ്, സ്വാതന്ത്ര്യ സമര സേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ എന്നിവർക്ക് സ്ഥലംമാറ്റ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്ര

26 (1759) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ മുഖ്യമന്ത്രിയും, ഓരോ മന്ത്രിമാരും സ്വകാര്യ പരിപാടികൾക്കായി എത്ര തവണ ഏതൊക്കെ വിദേശരാജ്യങ്ങൾ സന്ദർശിച്ചെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly